
ബൈബിൾ ചിത്രകഥ

# ദാവീദ്



## ബൈബിൾ ചിത്രകഥ-11

# ദാവീദ്

രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസി * ബെന്നി

# ദാവീദ്

ഇസ്രായേലിലെ രാജാക്കന്മാരിൽ അഗ്രഗ-ണ്യനാണു ദാവീദ്. സാവൂളാണ് ആദ്യത്തെ രാജാവെങ്കിലും രാജഭരണം ഇസ്രായേലിൽ സ്ഥിരപ്രതിഷ്ഠ നേടിയതു ദാവീദിന്റെ കാലത്താണ്. മറ്റൊരു വ്യക്തിയുടെയും ജീവിതത്തെക്കുറിച്ച് ബൈബിൾ ഇത്ര വിശദമായി പ്രതിപാദിക്കുന്നില്ല. 1-2 സാമു, 1 രാജാ, 1 ദിന എന്നീ നാല് പുസ്തകങ്ങളിലായി മൊത്തം 69 അധ്യായങ്ങൾ ദാവീദിന്റെ

ചെയ്തികൾ വിവരിക്കുന്നു. 73 സങ്കീർത്തനങ്ങൾ അദ്ദേഹത്തിന്റെ പേരിലാണ് അറിയപ്പെടുന്നത്.

ബേത്‌ലഹേമിലാണ് ദാവീദ് ജനിച്ചത്. യൂദാ ഗോത്രത്തിൽപ്പെട്ടതായിരുന്നു ദാവീദിന്റെ കുടുംബം . ദാവീദിനെ ചുറ്റിപ്പറ്റിയാണ് ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾ ഇസ്രായേലിൽ വളർന്നത്. ലോകത്തെ മുഴുവൻ രക്ഷിക്കാൻ വരുന്ന മിശിഹാ യൂദായുടെ ഗോത്രത്തിൽ, ദാവീദിന്റെ കുടുംബത്തിൽ നിന്ന്, ദാവീദിന്റെ പട്ടണമായ ബേത്‌ലഹേ

മിൽ ജനിക്കും എന്ന് അവർ പ്രതീക്ഷിച്ചു. ഈ പ്രതീക്ഷയാണ് യേശുവിൽ പൂർത്തിയാകുന്നത്. നസ്രത്തിലെ യേശു ദാവീദിന്റെ പുത്രനായി അറിയപ്പെടുന്നു.

സുദീർഘവും സംഭവ ബഹുലവുമായ ദാവീദിന്റെ ജീവിതത്തെ രണ്ട് ഭാഗമായി തിരിക്കാം. ബേത്‌ലഹേമിലെ ഇടയനായിരുന്ന അവസ്ഥയിൽ നിന്ന് ഹെബ്രോണിൽ യൂദാ ഗോത്രത്തിന്റെ രാജാവായി അഭിഷേചിക്കപ്പെടുന്നതു വരെയുള്ള ഒന്നാം ഭാഗമാണ് ഈ ചിത്രകഥയിൽ പ്രതിപാദിക്കുന്നത്. മഹത്വ-

ത്തിൻ്റെ ഉച്ചകോടിയിലേക്കുള്ള പ്രയാണവും, ദിഗ്വിജയങ്ങളും, തുടർന്നുണ്ടായ പാളിച്ചകളും, ദയനീയമായ വീഴ്ചകളും "ദാവീദ് രാജാവ്" എന്ന അടുത്ത പുസ്തകത്തിൽ അവതരിപ്പിക്കുന്നതാണ്.

അതിശക്തനും ധീരനുമായ ഒരു പോരാളിയായിരുന്നു ദാവീദ്. അഗതികൾക്കും അശരണർക്കും അദ്ദേഹം അഭയം നൽകിയിരുന്നു. സാവൂളിനെ ഭയന്ന് ഒളിച്ചോടിയവരെല്ലാം ദാവീദിന്റെ അടുക്കലേയ്ക്കാണ് വന്നത്. അദ്ദേഹം അവരെ ഒളിപ്പോരിനു പരിശീലി

പ്പിച്ചു. വനാന്തരങ്ങളിൽ ഒരു ചെറിയ സൈന്യത്തെ രൂപവൽക്കരിച്ചു. ഭാവിയിലെ വിജയങ്ങൾക്കെല്ലാം അടിത്തറ പാകിയത് ഈ ഒളിച്ചോട്ടത്തിന്റെ കാലത്താണ്. സ്വന്തം ജീവൻ അപകടത്തിൽ ആയിരിക്കുമ്പോഴും സ്വജനത്തെ സംരക്ഷിക്കാനും മർദ്ദിതർക്കും പീഡിതർക്കും വേണ്ടി നിലകൊള്ളാനും ദാവീദിന് കഴിഞ്ഞു. അങ്ങനെ ഇസ്രായേൽ ജനത്തിന്റെ സ്നേഹവും ശത്രുക്കളുടെ പോലും ആദരവും അദ്ദേഹം പിടിച്ചുപറ്റി.

തന്റെ ജീവനെ വേട്ടയാടുന്ന സാവൂളിനെ കയ്യിൽ കിട്ടിയിട്ടും വെറുതെ വിടുന്ന ദാവീദ് ക്ഷമിക്കുന്ന സ്നേഹത്തിൻറെ മാതൃകയാണ്. കർത്താവിൻറെ അഭിഷിക്തനായ രാജാവിനെ ദാവീദ് എന്നും ആദരവോടും സ്നേഹത്തോടും കൂടിയാണ് വീക്ഷിച്ചിരുന്നത്. തിന്മക്കു പകരം തിന്മ ചെയ്യാതെ നന്മകൊണ്ട് തിന്മയെ നേരിടാൻ അദ്ദേഹം ശ്രമിച്ചു.

കർത്താവായ ദൈവത്തിലുള്ള അടിപതറാത്ത വിശ്വാസം ദാവീദിന്റെ സ്വഭാവത്തിന്റെ തന്നെ ഒരു സവിശേഷതയാണ്. സാമു

വൽ പ്രവാചകനിലൂടെ തന്നെ അഭിഷേകം ചെയ്ത ദൈവം എപ്പോഴും തൻറെ തുണയായി ഉണ്ടായിരിക്കുമെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. ഏത് പ്രതിസന്ധിയിലും ധീരമായി ഉറച്ചുനിൽക്കാൻ അദ്ദേഹത്തിന് ശക്തി നൽകിയത് ആ വിശ്വാസമാണ്. അപകടങ്ങളിൽ യാചനയും വിജയങ്ങളിൽ സ്തുതിയും പീഡനങ്ങളിൽ വിലാപവുമായി ദൈവത്തിലേക്ക് തിരിഞ്ഞ ദാവീദ് പ്രാർത്ഥ നയുടെ മാതൃകയാണ്. സമർത്ഥനായ ഒരു ഗായകനായിരുന്ന ദാവീദ് തന്റെ ഗാനനൈ


പുണ്യം മുഴുവൻ കർത്താവിനെ സ്തുതിക്കുന്നതിനായി ഉപയോഗിച്ചു. അനേകം സങ്കീർത്തനങ്ങൾ രചിച്ചു.

വിശ്വസ്തനായ ഒരു സ്നേഹിതനായിരുന്നു ദാവീദ്. ദാവീദും ജോനാഥനും തമ്മിലുള്ള സൗഹൃദം രക്തബന്ധത്തേക്കാൾ ശക്തമായ സുഹൃത്ബന്ധത്തിൻറെ മാതൃകയാണ്. നിസ്വാർത്ഥമായ സ്നേഹത്താൽ പ്രേരിതരായി സ്നേഹിതനുവേണ്ടി സ്വന്തം അവകാശങ്ങൾ ത്യജിക്കാനും ജീവൻ പോലും

അപകടപ്പെടുത്താനും തയ്യാറാവുന്ന സംഭവങ്ങൾ ഈ സുഹൃത്ബന്ധത്തിൽ കാണാം.

ആഴമേറിയ വിശ്വാസത്തിന്റെയും അവസാനിക്കാത്ത പ്രതീക്ഷയുടെയും അചഞ്ചലമായ സ്നേഹത്തിന്റെയും മാതൃകയാണ് യുവാവായ ദാവീദ്. ജീവിതത്തിൻറെ പ്രതിസന്ധികളിൽ ഉലയുന്നവർക്കു ദാവീദിന്റെ ജീവിതം എന്നും ഒരു മാതൃകയും പ്രചോദനവും ആയിരിക്കും.

യൂദാ ഗോത്രത്തിൽപ്പെട്ട ബേത്‌ലഹേംകാരനായ ബോവാസിന് മോവാബ്യയായ റൂത്തിൽ ഓബെദ് എന്നൊരു പുത്രൻ ജനിച്ചു. ഓബെദിൻറെ മകനായ ജെസ്സെയ്ക്ക് എട്ടു മക്കളുണ്ടായിരുന്നു. അതിൽ ഏറ്റവും ഇളയവനായ ദാവീദ് പിതാവിന്റെ ആടുകളെ മേയ്ക്കുകയായിരുന്നു.











മൂത്ത സഹോദരൻ എലിയാബ് ദാവീദിനെ കാണാൻ വന്നു.





നീ വേഗം വീട്ടിലേക്കു വാ. സാമുവേൽ പ്രവാചകൻ വന്നിട്ടുണ്ട്. നീ കൂടി വന്നിട്ടേ ഭക്ഷണം കഴിക്കുകയുള്ളൂ.
സാമുവേൽ പ്രവാചകൻ നമ്മുടെ വീട്ടിലോ!


ആകട്ടെ, ചേട്ടൻ എന്നാണ് തിരിച്ചുവന്നത്? ഫിലിസ്ത്യരുമായുള്ള യുദ്ധം എങ്ങനെ പോകുന്നു?
ഞാൻ ഇന്നലെ വന്നതേയുള്ളൂ. രണ്ടുദിവസം കഴിഞ്ഞു തിരിച്ചു പോകണം. യുദ്ധം തുടരുകയാണ്.


ജെസ്സയുടെ വീട്ടിൽ.
!!!
ഇസ്രായേലിൻറെ ദൈവമായ കർത്താവു നിന്നെ അഭിഷേകം ചെയ്തിരിക്കുന്നു.


ഏതാനും ദിവസങ്ങൾക്കു ശേഷം.
പടക്കളത്തിൽ നിന്ന് ഒരു വിവരവും കേൾക്കാഞ്ഞിട്ട് എനിക്കാകെ ഒരു പേടി. നിന്റെ ജ്യേഷ്ഠന്മാർ മൂന്നു പേർ യുദ്ധ-ക്കളത്തിലാണല്ലോ.
ഞാൻ പോയി അന്വേഷിച്ചിട്ട് വരാം.


മകനേ, കുറച്ചപ്പവും സേനാനായകനു പത്തു പാൽക്കട്ടിയും കൂടെ കൊണ്ടുപോകണം.
അവർ ഏലാ താഴ്‌വരയിലുണ്ട്.


പടക്കളത്തിൽ ചുറ്റിനടക്കരുത്. വിവരം അറിഞ്ഞ് ഉടനെ മടങ്ങിവരണം.


അപ്പോൾ ഇസ്രായേൽക്കാർ ഫിലിസ്ത്യരെ നേരിടുകയായിരുന്നു.
ഫിലിസ്ത്യപാളയത്തിൽനിന്ന് ഒരു മല്ലൻ മുന്നോട്ടുവന്നു.
സാവൂളിൻറെ എച്ചിൽ തിന്നുന്ന ഇസ്രയേൽ പരിഷകളേ, ചുണയുണ്ടെങ്കിൽ നിങ്ങളിൽ ഒരുവൻ ദ്വന്ദ്വയുദ്ധത്തിനു വരട്ടെ. അവൻ ജയിച്ചാൽ ഞങ്ങൾ നിങ്ങൾക്ക് അടിമകളാകാം. ഞാൻ ജയിച്ചാൽ നിങ്ങൾ ഞങ്ങൾക്ക് അടിമകളായിരിക്കണം.


നിങ്ങളുടെ രാജാവിനെത്തന്നെ
പറഞ്ഞു വിടുവിൻ.


ഇവനെ നേരിടാൻ ഇസ്രായേൽ സൈന്യങ്ങളിൽ ആരുമില്ലെന്നോ? എന്നാൽ ഞാൻ ഇവനെ വക വരുത്താം.
തിരുമേനി അവൻ മഹാമല്ലനാണ്. അങ്ങേക്കു വല്ലതും സംഭവിച്ചാൽ....
!!


ദാവീദ് പടക്കളത്തിൽ.
ആടുകളെ മേയ്ക്കുന്നതിന് പകരം നീയെന്താ കാഴ്ച കാണാൻ വന്നിരിക്കുകയാണോ?
അപ്പൻ പറഞ്ഞിട്ടാണു ഞാൻ വന്നത്. അല്ലാ, അതെന്താ ആ അട്ടഹാസം?


ഇസ്രായേൽ, എവിടെ നിങ്ങളുടെ വീരനായ രാജാവ്? എന്തേ അവൻ ഒളിച്ചിരിക്കുന്നു?




ആരാണ് ദൈവജനത്തെ വെല്ലുവിളിക്കുന്ന ഈ ധിക്കാരി?
അതു ഫിലിസ്ത്യരുടെ നേതാവായ ഗോലിയാത്താണ്. മൂന്നാഴ്ചയായി അവൻ വെല്ലുവിളി തുടരുന്നു.
എന്നിട്ട് ആരും അവനെ നേരിടാൻ തയ്യാറായില്ലേ?



അവനെക്കാണുമ്പോൾ ഇസ്രയേക്കാൾ
പേടിച്ചു വിറയ്ക്കുകയാണ്.
അവനെ കൊല്ലുന്നവന് രാജാവ്
തൻറെ മകളെ വിവാഹം
ചെയ്തു കൊടുക്കും.
ഞാൻ ഇവനെ
നേരിടാം.
!!!



ദാവീദിനെ പടയാളികൾ സാവൂളിന്റെ അടുക്കൽ കൊണ്ടുവന്നു.
മകനേ, നിന്റെ ധൈര്യവും സന്മനസ്സും കൊള്ളാം. പക്ഷേ കടുവായുടെ മുമ്പിൽ കുഞ്ഞാടിനെപ്പോലെ നിന്നെ ആ മല്ലൻറെ അടുക്കലേക്ക് ഞാൻ എങ്ങനെ പറഞ്ഞയക്കും!
!!
അങ്ങ് ഭയപ്പെടേണ്ട. ഞാൻ ഒരാട്ടിടയനാണ്. എൻറെ ആടിനെ ആക്രമിക്കാൻ വന്ന സിംഹത്തെയും കരടിയേയും ഞാൻ ഒറ്റയ്ക്കു കൊന്നിട്ടുണ്ട്.


നീ എൻറെ
പടച്ചട്ടയണിഞ്ഞു
കൊണ്ടുപോകൂ.
ഈ യന്ത്രങ്ങളെല്ലാം
ചുമന്നുകൊണ്ട്
എനിക്ക്
നടക്കാനാവില്ല.
!


!?
എൻറെ ആയുധങ്ങളുമായി
അവനെ നേരിട്ടുകൊള്ളാം.


കയ്യിൽ കവിണയും സഞ്ചിയിൽ അഞ്ച് കല്ലുമായി ദാവീദ് ഗോലിയാത്തിനെതിരേ ചെന്നു.
എടാ പയ്യനെ, നീ എന്താ പട്ടിയെ എറിയാൻ പുറപ്പെട്ടിരിക്കുകയാണോ? ജീവൻ വേണമെങ്കിൽ ഓടിക്കോ. അല്ലെങ്കിൽ നിൻറെ ഇറച്ചി പട്ടികൾക്കിട്ടു കൊടുക്കും.
വീമ്പു പറയുന്നതു യുദ്ധം ജയിച്ചിട്ടു മതി. നീ വാളും കുന്തവുമായി വരുന്നു. സൈന്യങ്ങളുടെ ദൈവമായ കർത്താവാണ് എൻറെ തുണ.
!!!?




ഗോലിയാത്തിന്റെതന്നെ വാൾ
കൊണ്ട് ദാവീദ് അവൻറെ തല വെട്ടി.

ഗോലിയാത്ത് കൊല്ലപ്പെട്ടപ്പോൾ ഫിലിസ്ത്യർ ഭയന്നോടി. ഇസ്രായേൽ യുദ്ധം ജയിച്ചു.




ദാവീദേ, ഇന്നുമുതൽ നീ എൻറെ അംഗരക്ഷകൻ ആയിരിക്കണം. എൻറെ മകൻ ജോനാഥനോടൊപ്പം ഇവിടെ കൊട്ടാരത്തിൽ താമസിക്കാം.
ഈ ബഹുമതിക്കു ഞാൻ അർഹനല്ല. ഞാൻ എന്നും നന്ദിയുള്ളവനായിരിക്കും.

ജോനാഥനും ദാവീദും ഉറ്റമിത്രങ്ങളായി.




ദാവീദേ, നിന്റെ സംഗീതം എനിക്കിഷ്ടമായി. നിൻറെ പാട്ടുകേൾക്കുമ്പോൾ എൻറെ മനസ്സിനു വലിയ സന്തോഷം തോന്നുന്നു.
ഗോലിയാത്തിന്റെ തലവെട്ടിയ കൈകൾ തന്നെയോ ഇത്ര മധുരമായ നാദം പുറപ്പെടുവിക്കുന്നത്.
!
യജമാനനേ.


ഗോലിയാത്തിനെ
കൊന്നതിൻറെ പകരംവീട്ടാൻ
ഗത്തുകാർ ഒരുമിച്ചു
കൂടിയിരിക്കുന്നു. നമ്മുടെ
അതിർത്തിയിൽ ആക്രമണം
തുടങ്ങിക്കഴിഞ്ഞു.


ദാവീദും ഞാനുംകൂടി അവരെ നേരിടാം. വരൂ ദാവീദ്.
ശ്രദ്ധിക്കണം, പകരം വീട്ടാൻ വരുന്ന അവർ ക്രൂരന്മാരാണ്. നിങ്ങൾ അയ്യായിരം പടയാളികളെ കൊണ്ടുപോകണം.



ഫിലിസ്ത്യരെ തോൽപ്പിച്ച് ഏഴാം ദിവസംദാവീദും ജോനാഥനും മടങ്ങിയെത്തി.
ജോനാഥൻ വാഴട്ടെ.
ദാവീദ് ജയിക്കട്ടെ.
ഫിലിസ്ത്യർ നശിക്കട്ടെ.
!!!


ദാവീദിന്റെ വിജയത്തിൽ ജോനാഥൻ സന്തോഷിച്ചു. എന്നാൽ സാവൂളിന് അസൂയ തോന്നി. ദാവീദിനെ ചതിയിൽ കൊല്ലാൻ തീരുമാനിച്ചു.
ദാവീദേ, നിൻറെ സേവനത്തിൽ ഞാൻ സന്തുഷ്ടനാണ്. എൻറെ മകൾ മിക്കാളിനെ നിനക്കു ഭാര്യയായി തരാം.
എൻറെ പെങ്ങൾക്കു ദാവീദിനേക്കാൾ ഉത്തമനായൊരുവനെ കിട്ടില്ല.
രാജാവിൻറെ മരുമകനാകാൻ ഈ ആട്ടിടയനെന്തു യോഗ്യത!
!


യോഗ്യതയൊക്കെ നിനക്കാവശ്യത്തിലേറെ യുണ്ട്. പക്ഷേ എനിക്കൊരു സമ്മാനം തരണം.
ദരിദ്രനായ ഞാൻ രാജാവിന് എന്തു സമ്മാനമാണു തരിക?
നിൻറെ വിവാഹ സമ്മാനമായി നൂറു ഫിലിസ്ത്യരുടെ തല എനിക്കു തരണം. സൈന്യത്തെ കൂടാതെ നീ തന്നെ പോയി തല കൊയ്തു കൊണ്ടുവരണം.
!?
ഫിലിസ്ത്യർ ഇവനെ വകവരുത്തിക്കൊ ള്ളും.



ഇത് വഞ്ചനയാണ്. ദാവീദിനെ ഒറ്റയ്ക്ക് ഫിലിസ്ത്യരുടെ അടുക്കലേക്ക് അയക്കരുത്.
ദാവീദ് തൻറെ കരുത്തു തെളിയിക്കട്ടെ.
?


അവൻറെ കരുത്ത് ഇനിയും തെളിയിക്കണോ? ഗോലിയാത്തും ഗത്തിലെ യുദ്ധവും ഒന്നും മതിയായില്ലേ?
സാരമില്ല ജോനാഥൻ. കർത്താവ് എൻറെ കൂട്ടിനുണ്ടാകും.
ദാവീദിനിഷ്ടമുള്ള പത്തുപേരെ തിരഞ്ഞെടുത്തു കൂടെക്കൊണ്ടു പോകാം.


അന്നു രാത്രിതന്നെ ദാവീദ് ഒരു ഫിലിസ്ത്യഗ്രാമം ആക്രമിച്ചു. പിറ്റേന്ന് രാവിലെ.
യജമാജനേ, ഇതാ നൂറിനു പകരംഇരുന്നൂറു തലകൾ.
??



ശരി, ഇന്നേക്ക് ഏഴാം ദിവസം നിങ്ങളുടെ വിവാഹം നടത്തിത്തരാം.



ജെസ്സെയുടെ മകനായ ദാവീദേ, എന്റെ മകൾ മിക്കാളിനെ നിനക്ക് ഞാൻ ഭാര്യയായി തന്നിരിക്കുന്നു.



മകളെ ഭാര്യയായി നൽകിയെങ്കിലും സാവൂളിനു ദാവീദിനോട് അസൂയ വർദ്ധിച്ചുവന്നതേയുള്ളൂ. അസൂയ ശത്രുതയായി. പലതവണ സാവൂൾ ദാവീദിനെ കൊല്ലാൻ ശ്രമിച്ചു. അവസാനം ഒരു ദിവസം.
ദാവീദേ നിൻറെ ജീവൻ അപകടത്തിലാണ്. എൻറെ പിതാവ് നിന്നെ കൊല്ലാൻ തന്നെ തീരുമാനിച്ചിരിക്കുന്നു.
ഞാനും മരണവും തമ്മിൽ ഒരടി അകലമേയുള്ളൂ. പക്ഷേ ഞാൻ എന്തു തെറ്റു ചെയ്തിട്ടാണ് യജമാനൻ എന്നെ കൊല്ലാൻ നോക്കുന്നത്?
തെറ്റ് അദ്ദേഹത്തിന്റേതു തന്നെയാണ്. സാമുവൽ പ്രവാചകൻ നിന്നെ അഭിഷേകം ചെയ്തുവെന്നും നീ ഇസ്രായേലിൽ രാജാവാകുമെന്നും അദ്ദേഹത്തിനറിയാം.


ജീവൻ രക്ഷിക്കാൻ വേണ്ടി ഒളിച്ചു നടക്കുന്ന ഞാൻ രാജാവാകുമെന്നോ?
നീ രാജാവാകുക തന്നെ ചെയ്യും. അന്ന് നീ എന്നോടും എൻറെ കുടുംബത്തോടും കരുണ കാണിക്കണം.
നിൻറെ സ്നേഹവും സഹായങ്ങളും ഞാൻ ഒരിക്കലും മറക്കുകയില്ല.


നീ ഇന്നു രാത്രി തന്നെ സ്ഥലം വിടണം.


യാത്ര പറയാനായി ദാവീദ് മിക്കാളിന്റെ വീട്ടിൽ ചെന്നു.
നീ ദുഃഖിക്കരുത്. പിതാവിൻറെ മനസ്സു മാറുമ്പോൾ ഞാൻ മടങ്ങിവരും.
അദ്ദേഹം മരിച്ചാലും മനസ്സു മാറില്ല. മുഴുത്ത അസൂയയും വിരോധവുമാണ്. ഞാനും അങ്ങയുടെ കൂടെ വരും.
ഒറ്റയ്ക്ക് തന്നെ ഞാൻ അപകടത്തിലാണ്. നീ ഇവിടെത്തന്നെ വസിക്കണം.ഞാനിപ്പോൾ പോകട്ടെ.


നഗരം ഉറങ്ങിക്കഴിയുമ്പോൾ
പോയാൽ മതി. അപ്പോൾ
ആരും അങ്ങയെ കാണില്ല.
!


അർദ്ധരാത്രി കഴിഞ്ഞപ്പോൾ ദാവീദ് ജനലിലൂടെ പട്ടണത്തിനു പുറത്തു കടന്നു.
എൻറെ കർത്താവേ, അദ്ദേഹത്തിന് ഒരപകടവും വരുത്തല്ലേ.
!



ഒളിച്ചോടിയ ദാവീദ് നോബിലെ പുരോഹിതന്റെ അടുത്തെത്തി.
ഇതാര്, ദാവീദോ? ഇന്നെന്താണു തനിച്ചു യാത്ര?
രാജാവ് എന്നെ രഹസ്യമായ ഒരു കാര്യം ഏൽപ്പിച്ച് അയച്ചിരിക്കുകയാണ്. നാലു ഭൃത്യന്മാർ പുറത്തു നിൽക്കുന്നുണ്ട്. തിടുക്കത്തിൽ പോരേണ്ടിവന്നതിനാൽ ആയുധവും ആഹാരവും എടുക്കാൻ കഴിഞ്ഞില്ല.


നിങ്ങൾക്കു വിശക്കുന്നുണ്ടല്ലേ. എൻറെ കുഞ്ഞേ, കർത്താവിനു കാഴ്ചവച്ച അപ്പമല്ലാതെ മറ്റൊന്നും ഇവിടെയില്ലല്ലോ.
അതല്ലേ ഏറ്റം നല്ല ആഹാരം. ഞാനും ഭൃത്യന്മാരും ശുദ്ധരാണ്. ആകട്ടെ, ആയുധം വല്ലതുമുണ്ടോ?
!



ഏലാ താഴ്‌വരയിൽ വച്ചു നീ കൊന്ന ഗോലിയാത്തിന്റെ വാളാണിത്.
!
ഇതിനു തുല്യമായി മറ്റൊന്നില്ല. അങ്ങേക്കു നന്ദി.

ദാവീദ് ഗത്തുരാജാവിന്റെ അടുക്കൽ അഭയത്തിനെത്തി.





അവൻ അരയിൽ തൂക്കിയിരിക്കുന്ന വാൾ കണ്ടില്ലേ? അതു ഗോലിയാത്തിന്റെ വാൾ തന്നെ.
ഇവനെ നമുക്കു രാജാവിന്റെയടുക്കൽ കൊണ്ടു പോകാം.

അവർ തന്നെ തിരിച്ചറിഞ്ഞു എന്നു മനസ്സിലാക്കിയ ദാവീദ് ഭ്രാന്ത്രഭിനയിച്ചു.




ഗത്തിൽനിന്നു രക്ഷപെട്ട ദാവീദ് ഏകനായി യൂദയാമരുഭൂമിയിലെ ഗുഹയിൽ ഒളിച്ചു. അതേസമയം ബേത്ലെഹെമിൽ ദാവീദിൻറെ വീട്ടിൽ.




ഒരാഴ്ചക്കകം ദാവീദിനെ പിടിച്ചുകൊടുത്തില്ലെങ്കിൽ നമ്മളെയെല്ലാം കൊല്ലുമെന്നാണു പറഞ്ഞിരിക്കുന്നത്.
അവനെ കൊലക്കു കൊടുത്തിട്ട് നമ്മൾ ജീവിക്കണമെന്നോ? അതു സാധ്യമല്ല.
എന്നാൽ പിന്നെ എല്ലാവർക്കും കൂടി ഇവിടെ കിടന്നു ....മരിക്കാം.
!!?


വേണ്ടാ, നമുക്കു ദാവീദിൻറെ അടുക്കലേക്കു പോകാം.
നമ്മൾ അവനോടൊത്തു നിൽക്കണം. വേണ്ടിവന്നാൽ യുദ്ധം ചെയ്യണം. മരിച്ചാൽ ഒന്നിച്ചു മരിക്കാം.



ഇസ്രായേലിലെ മറ്റൊരു ഗ്രാമത്തിൽ.
രാജാവിനു ഭ്രാന്താണ്. അല്ലെങ്കിൽ ഇങ്ങനെ നികുതി കൂട്ടുമോ?
അയാളുടെ തോന്യാസങ്ങൾക്കു നമ്മൾ പണം കൊടുക്കണമത്രേ!
എന്തുവന്നാലും ഈ നികുതി കൊടുക്കാൻ പാടില്ല. രാജാവാണെന്നു കരുതി എന്തും ആകാമെന്നോ?


നികുതി കൊടുത്തില്ലെങ്കിൽ ജപ്തിയുണ്ടാകും.
എന്നാൽ അതൊന്നു കണ്ടിട്ടുതന്നെ കാര്യം.
കാണാനൊന്നുമില്ല. നോബിലെ പുരോഹിതന്മാരോട് അയാൾ ചെയ്തതു കേട്ടില്ലേ? ദാവീദിന് അപ്പം കൊടുത്തു എന്നതിൻറെ പേരിൽ ആ കുടുംബത്തെ മുഴുവൻ കൊന്നുകളഞ്ഞു!


വെറുതെയല്ല ഞാൻ പറഞ്ഞത് അയാൾക്ക് ഭ്രാന്താണെന്ന്.
അതിന് അയാൾ എവിടെയാണെന്ന് അറിഞ്ഞിട്ടു വേണ്ടേ?
ഇനി ഒരു മാർഗ്ഗമേയുള്ളൂ. ദാവീദിൻറെകൂടെ കൂടുക തന്നെ.
!


അദുല്ലാം ഗുഹയിലുണ്ട്. ദാവീദിനോടു ചേർന്നു നമുക്കു സാവൂളിനെ നേരിടാം.
!!


സാവൂളിൻറെ ഭരണത്തിൽ അസംതൃപ്തരും കടം വീട്ടാൻ കഴിയാത്തവരുമായ അനേകർ ദാവീദിന്റെയടുക്കൽ വന്നു. അവരെ ഒളിപ്പോരിനുള്ള സൈന്യമായി ദാവീദ് ഒരുക്കി. അന്നൊരു ദിവസം.
നീ ആരാണ്? എവിടെനിന്നു വരുന്നു?
?
നോബിലെ പുരോഹിതനായ അഹിമലേക്കിന്റെ മകൻ അബിയാഥറാണു ഞാൻ. അങ്ങേക്ക് ആഹാരം തന്നതിൻറെ പേരിൽ രാജാവ് എന്റെ കുടുംബത്തെ മുഴുവൻ വധിച്ചു. ഞാൻ മാത്രം രക്ഷപെട്ടു.


ഞാൻ കാരണമാണ് നിനക്കീ അത്യാഹിതം സംഭവിച്ചത് എന്നെ കൊല്ലാൻ ശ്രമിക്കുന്നവർ നിന്നെയും കൊല്ലും. പക്ഷേ ഭയപ്പെടേണ്ട. എൻറെകൂടെ നീ സുരക്ഷിതനായിരിക്കും.
ഞാൻ അങ്ങേക്കുവേണ്ടി കർത്താവിനോടു പ്രാർത്ഥിക്കാം.



യജമാനനേ, ഞങ്ങളെ രക്ഷിക്കണം.
ഞങ്ങൾ ഇവിടെ അടുത്തുള്ള കെയിലായിൽ നിന്നാണു വരുന്നത്. ഫിലിസ്ത്യർ ഞങ്ങളുടെ പട്ടണം വളഞ്ഞിരിക്കുന്നു.
ഒരു നിമിഷം നിൽക്കൂ. ഞാൻ കർത്താവിൻറെ ഹിതം ആരായാട്ടെ.



ഗുരോ, ഞാൻ യുദ്ധത്തിന് പോകണമോ? പോയാൽ ജയിക്കുമോ എന്നു കർത്താവിനോടു ചോദിക്കണം.
ചെന്ന് ഫിലിസ്ത്യരുടെ കൈകളിൽനിന്ന് ഇസ്രായേലിനെ രക്ഷിക്കുക.
!


ദാവീദ് തൻറെ അനുചരന്മാരുമായി കെയിലായിലേക്കു നീങ്ങി.




ദാവീദ് ഫിലിസ്ത്യരെ തോൽപിച്ചു കെയിലാനിവാസികളെ രക്ഷിച്ചു.
ദാവീദ് നീണാൾ വാഴട്ടെ.
ദാവീദ് ഞങ്ങളെ രക്ഷിച്ചു.
അങ്ങു ഞങ്ങളുടെ കൂടെ വസിക്കണം.


ദാവീദ് കെയിലായിൽ ഉണ്ടെന്നറിഞ്ഞു സാവൂൾ സൈന്യസമേതം അങ്ങോട്ടുപോയി. ഇതറിഞ്ഞു ദാവീദ് മരുഭൂമിയിലേക്കു പലായനം ചെയ്തു.
കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കണമേ. എൻറെ നിലവിളിക്കു കാതോർക്കണമേ.



നിരപരാധിയായ എന്നെ എന്തിനു
രാജാവിങ്ങനെ വേട്ടയാടുന്നു?
കർത്താവേ, അങ്ങുമാത്രമാണ്
എന്റെ അഭയകേന്ദ്രം.


അതാ സാവൂളും സൈന്യവും നമുക്കെതിരേ വരുന്നു.
നമുക്ക് ഉടനെ വടക്കോട്ടു പോകാം. അവർ മല കയറുമ്പോഴേക്കും നമ്മൾ അങ്ങകലെ എത്തിയിരിക്കും. എല്ലാവരോടും യാത്രയാകാൻ പറയു.
!?



ദാവീദ് അനുചരന്മാരോടൊപ്പം കാർമ്മൽ ഗ്രാമത്തിൻറെ സമീപത്തുള്ള വനത്തിൽ താമസമാക്കി. ഏകദേശം ആറു മാസങ്ങൾക്കു ശേഷം ഒരു ദിവസം.
!!
നാബാൽ ആടിന്റെ രോമം കത്രിക്കൽ ആഘോഷിക്കയാണെന്നു കേട്ടു. നിങ്ങൾ ചെന്ന് എൻറെ അഭിവാദനമർപ്പിക്കണം. ആട്ടിറച്ചിയും അപ്പവും വീണ്ടും തരാൻ പറയണം.


ദാവീദിൻറെ സേവകർ നാബാലിന്റെ മുൻപിൽ.
എന്ത്? ദാവീദിനു സമ്മാനം കൊടുക്കണമെന്നോ? യജമാനന്മാരിൽ നിന്ന് ഒളിച്ചോടുന്നവർക്കു കൊടുക്കാൻ വേണ്ടിയല്ല ഞാൻ സ്വത്ത് സമ്പാദിച്ചതെന്നു പറഞ്ഞേക്ക്.
ഉടനെ സ്ഥലം വിട്ടില്ലെങ്കിൽ ദുഃഖം നിങ്ങൾക്കായിരിക്കും.
നിങ്ങൾ ഇതിന്റെ പേരിൽ ദുഖിക്കേണ്ടിവരും.


ദൂതന്മാർ മടങ്ങിവന്നു ദാവീദിനെ വിവരമറിയിച്ചു.
നാബാലിന്റെ ആടുകളെയും ഇടയന്മാരെയും ശത്രുക്കളിൽനിന്നു കാത്തുരക്ഷിച്ചതു നമ്മളാണ്. ഈ നന്ദികേടിന് അവൻ മരിക്കണം. വാൾ അരയിൽ കെട്ടുവിൻ. നമ്മൾ ഉടൻ പുറപ്പെടുകയാണ്.
!!!


നാനൂറുപേരുമായി ദാവീദ് കാർമ്മലിലേക്കു നീങ്ങി. അതേസമയം നാബാലിന്റെ ഭാര്യ അബിഗായിൽ ദാവീദിനു കാഴ്ചകളുമായി പുറപ്പെട്ടു.
എൻറെ ഭർത്താവു നാബാൽ അവൻറെ പേര് അർത്ഥമാക്കുന്നതുപോലെ തന്നെ ഭോഷനാണ്. അയാളുടെ വിഡ്ഢിത്തം ക്ഷമിച്ച് ഈ ദാസിയുടെ കാഴ്ചകൾ സ്വീകരിച്ചാലും. ഭോഷത്തതിനു പ്രതികാരമായി രക്തം ചൊരിയരുതേ.
!
കർത്താവാണു നിന്നെ എന്റെയടുക്കലേക്കു പറഞ്ഞയച്ചത്. സമാധാനമായി പോകൂ. സ്വന്തം കൈകൊണ്ടു പ്രതികാരം ചെയ്യുന്നതിൽനിന്നു കർത്താവ് എന്നെ രക്ഷിച്ചു.


ഈ വിവരം കേട്ട് നാബാൽ ഹൃദയം സ്തംഭിച്ചു മരിച്ചു. ഏതാനും ദിവസങ്ങൾക്കുശേഷം ദാവീദ് അബിഗായിലിനെ ഭാര്യയായി സ്വീകരിച്ചു. മാസങ്ങൾക്കു ശേഷം.
ഞാൻ എത്രകാലം ഇങ്ങനെ ഒളിച്ചു നടക്കും? ഇന്നല്ലെങ്കിൽ നാളെ സാവൂൾ എന്നെ പിടികൂടും. ഇസ്രായേൽ അതിർത്തിവിട്ട് ഫിലിസ്ത്യരുടെ നാട്ടിൽ ചെന്നു പാർത്താൽ പിന്നെ ആരും എന്നെ ഉപദ്രവിക്കാൻ വരില്ലല്ലോ.


ദാവീദ് ഗത്തിലെ രാജാവായ ആക്കീഷിൻറെ മുമ്പിൽ.
തിരുമേനീ, സാവൂളിൻറെ ബദ്ധശത്രുവായ ദാവീദാണിത്. ഇസ്രായേൽക്കാരോടു പകരം വീട്ടാൻ ഇവൻ നമുക്കുപകരിക്കും.
നിനക്ക് ഈ പട്ടണത്തിൽ വസിക്കാം.
അങ്ങേയ്ക്ക് എന്നോട് പ്രീതിയുണ്ടെങ്കിൽ നാട്ടിൻ പുറത്ത് അൽപം സ്ഥലം തന്നാൽ മതി. കുടുംബസമേതം ഞാൻ അവിടെ വസിച്ചുകൊള്ളാം.
ശരി, സിക്ക് ലാഗ് പ്രദേശം നിനക്കായി വിട്ടു തന്നിരിക്കുന്നു.


ദാവീദ് അനുചരന്മാരോടൊപ്പം ഇസ്രായേലിൻറെ ശത്രുക്കളായ അമലേക്യരെ ആക്രമിച്ച് കൊള്ളവസ്തുക്കളുമായി അക്കീഷിന്റെയടുക്കൽ മടങ്ങിവന്നു.
ഇന്നു നിങ്ങൾ ആരെയാണു കൊള്ളയടിച്ചത്?
മഹാരാജാവേ ഇത് അങ്ങേക്കുള്ള ഞങ്ങളുടെ കാണിക്കയാണ്. കനിഞ്ഞു സ്വീകരിച്ചാലും.
അങ്ങു യൂദായ്ക്കു തെക്ക്.

ഫിലിസ്ത്യസൈന്യം ഇസ്രായേലിനെതിരെ യുദ്ധം ചെയ്യാൻ അഫെക്കിൽ ഒരുമിച്ചുകൂടി. ഗത്ത് രാജാവ് ദാവീദിനെയും അനുചരന്മാരെയും കൂടെ കൊണ്ടുപോയിരുന്നു.





അവനല്ലേ പണ്ടു ഗോലിയാത്തിനെ കൊന്നത്?
അതു പഴയ കഥ. ഇന്നവൻ നമ്മുടെ വിശ്വസ്ത മിത്രമാണ്.
ഏതു മിത്രമായാലും ഇസ്രായേൽക്കാരനാണ്. യുദ്ധത്തിൽ നമ്മെ ചതിക്കും. അതുകൊണ്ട് ഉടനെ അവനെ പറഞ്ഞയയ്ക്കൂ.



തിരസ്കരിക്കപ്പെട്ട ദാവീദും അനുചരന്മാരും സിക്ക് ലാഗിൽ മടങ്ങിയെത്തി.
അമലേക്യർ പട്ടണം കൊള്ളയടിച്ചു കടന്നുപോയിക്കഴിഞ്ഞിരുന്നു.
നമ്മുടെ വീടുകളെല്ലാം കത്തിനശിച്ചല്ലോ. ഇതാരു ചെയ്തു?
നമ്മുടെ ഭാര്യമാരും കുഞ്ഞുങ്ങളും എവിടെ?
ദാവീദാണിതിനു കാരണം. അവനെ കല്ലെറിഞ്ഞു കൊല്ലണം.



കർത്താവായ ദൈവമേ,
ഇതെന്തൊരു പരീക്ഷ!
ഇത്രയുംനാൾ എന്നെ
കാത്തുപാലിച്ച അങ്ങ്
ഇപ്പോൾ
കൈവിടുകയോ?


സാവൂളിൻറെ കൈകളിൽനിന്ന് എന്നെ രക്ഷിച്ച കർത്താവേ അങ്ങല്ലാതെ എനിക്കൊരഭയമില്ല. ഞങ്ങളുടെ സ്ത്രീകളും കുഞ്ഞുങ്ങളും എവിടെ?


ഒട്ടകക്കുളമ്പുകൾ -
മനുഷ്യരുടെ കാലടികൾ.
അവർ തെക്കോട്ടാണല്ലോ
പോയിരിക്കുന്നത്.


നമ്മൾ കലഹിച്ചിട്ടും കരഞ്ഞിട്ടും കാര്യമില്ല. ഇതാ, ഈ കാലടികളെ പിന്തുടരണം.നമ്മുടെ മക്കളെ വീണ്ടെടുക്കണം.
!?



വഴിയിൽ കണ്ടുമുട്ടിയ ഒരു ഈജിപ്തുകാരന്റെ സഹായത്തോടെ
അവർ അമലേക്യരെ പിൻതുടർന്നു പിടികൂടി.


തങ്ങളുടെ സ്ത്രീകളെയും, കുഞ്ഞുങ്ങളെയും, വസ്തുവകകളും തിരിച്ചു കിട്ടിയതിനാൽ അവർ കർത്താവിനെ സ്തുതിച്ചു.
കർത്താവെത്ര വലിയവൻ.... അവൻ ദയയോ എന്നുമുള്ളത്...


അവർ സന്തോഷത്തോടെ സിക്ക് ലാഗിൽ തിരിച്ചെത്തി കൊള്ളമുതൽ പങ്കിട്ടു. മൂന്നാം ദിവസം.
നീ എവിടെനിന്നു വരുന്നു?
?
ഞാൻ ഇസ്രായേൽ പാളയത്തിൽനിന്നു വരികയാണ്. ഇസ്രായേൽ പരാജയപ്പെട്ടു. സാവൂളും പുത്രന്മാരും ഗിൽബോവാക്കുന്നിൽവച്ചു കൊല്ലപ്പെട്ടു.
സാവൂൾ കൊല്ലപ്പെട്ടു എന്നു നീ എങ്ങനെ അറിഞ്ഞു? എന്തെങ്കിലും തെളിവുണ്ടോ?


മുറിവേറ്റു വീണ രാജാവ് ആവശ്യപ്പെട്ടതനുസരിച്ചു ഞാൻതന്നെയാണ് അയാളെ കൊന്നത്. ഇതാ കിരീടവും തോൾവളയും - അങ്ങേക്കായി കൊണ്ടുവന്നിരിക്കുന്നു.

ദാവീദ് ദുഃഖം കൊണ്ടു വസ്ത്രം കീറി.




ഇസ്രായേലേ, നിൻറെ മഹത്വം നിൻറെ മലകളിൽ വീണടിഞ്ഞു. ഓ ജോനാഥൻ...


വിലാപത്തിൻറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ദാവീദ് കർത്താവിൻറെ ഹിതം ആരാഞ്ഞു.
ഞാൻ യൂദായിലെ ഏതെങ്കിലും നഗരത്തിലേക്കു തിരിച്ചു പോകണമോ എന്നു കർത്താവിനോടു ചോദിക്കു!
നീ ഹെബ്രോണിലേക്കു പോകൂ. അവർ നിന്നെ സ്വീകരിക്കും.

കർത്താവിൻറെ കല്പനയനുസരിച്ചു ദാവീദും അനുചരന്മാരും കുടുംബസമേതം ഹെബ്രോണിലേക്കു പോയി.



യൂദാഗോത്രം ഒന്നടങ്കം ഹെബ്രോണിൽ സമ്മേളിച്ചു ദാവീദിനെ രാജാവായി അഭിഷേകം ചെയ്തു.




ദൈവമായ കർത്താവേ
നീയാണെൻറെ ദൈവം.
നീയാണെൻറെ കോട്ട.
നീയാണെൻറെ കവചം.

ദാവീദിൻറെ കഥ ഇവിടെ അവസാനിക്കുന്നില്ല. രാജാവായ
ദാവീദിൻറെ ദിഗ്വിജയങ്ങൾ, മഹത്വത്തിൻറെ
ഉച്ചകോടിയിലേക്കുള്ള ഉയർച്ച - അതോടൊപ്പം
അധികാരത്തിൻറെ പ്രലോഭനങ്ങൾ - അതിഹീനമായ പതനം...




"ആ മനുഷ്യൻ നീ തന്നെ"

# ചോദ്യങ്ങൾ

## (ദാവീദിനെ കുറിച്ച് പ്രതിപാദിക്കുന്ന ബൈബിൾ ഭാഗങ്ങളും ഈ ചിത്രകഥയും വായിച്ചതിനുശേഷം ഉത്തരമെഴുതുക)

1. ഇസ്രായേലിലെ ഏത് ഗോത്രത്തിലാണ് ദാവീദ് ജനിച്ചത്.
2. ദാവീദിന്റെ ജന്മസ്ഥലം ഏത്?
3. ദാവീദും റൂത്തുമായുള്ള ബന്ധം എന്ത്?
4. ആരായിരുന്നു ദാവീദിന്റെ പിതാവ്?
5. ഇടയനായ ദാവീദ് എങ്ങനെയാണ് സാവൂളിന്റെ അരമനയിൽ എത്തിയത്?
6. സാവൂൾ ദാവീദിനെ വെറുക്കാൻ കാരണമെന്ത്?
7. പ്രാർത്ഥനയായിരുന്നു ദാവീദിന്റെ ശക്തി കേന്ദ്രം. വിശദമാക്കുക.
8. അശരണരുടെയും അഗതികളുടെയും അഭയമായിരുന്നു ദാവീദ്. വിശദീകരിക്കുക.
9. എന്തുകൊണ്ടാണു ദാവീദിനെ സങ്കീർത്തകൻ എന്ന് വിളിക്കുന്നത്?
10. യുവാവായ ദാവീദിൽനിന്ന് എന്ത് പാഠമാണ് നിങ്ങൾക്ക് ലഭിക്കുന്നത്?

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും